പരസ്പരസഹായസംഘങ്ങൾക്കു ലോൺ

* 271. [10] ശ്രീ. കെ. ഹസ്സൻ ഗനി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഖാദിആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിൽ നിന്നും 1960 ഏപ്രിൽ 1 ാം തീയതി മുതൽ 1963 മാർച്ച് 31-ാം തീയതി വരെ പരസ്പരസഹായസംഘങ്ങൾക്കും മറ്റും വിവിധയിനങ്ങളിൽ ലോണായി നൽകിയിട്ടുള്ള സംഖ്യ എത്ര ;

(ബി) അതിൽ എത്ര സംഖ്യ മടക്കി കിട്ടിയിട്ടുണ്ടു് ;

(സി) ഗ്രാൻറിനത്തിൽ ടി കാലങ്ങളിൽ എത്ര സംഖ്യ കൊടുത്തു ;

(ഡി) ലോണും ഗ്രാൻറും ഏതെല്ലാം ഗ്രാമീണവ്യവസായങ്ങൾക്കു വേണ്ടിയാണു് നൽകിയിട്ടുള്ളതു് ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) 72·355 ലക്ഷം രൂപ.

(ബി) 7,16.4340·1 രൂപ.

(സി) 28·515 ലക്ഷം രൂപ.

(ഡി) ലിസ്റ്റ് മേശപ്പുറത്തുവച്ചിട്ടുണ്ടു് †

ശ്രീ. കെ. ഹസ്സൻ ഗനി : 72 ലക്ഷം രൂപ ലോണായി കൊടുത്തിട്ടുള്ളതിൽ ഏഴലക്ഷം രൂപ മാത്രമേ തിരിയെ പിരിഞ്ഞുകിട്ടിയിട്ടുള്ളുവെന്ന മറുപടിയിൽനിന്നും മനസ്സിലാക്കുന്നു. ഇത്ര വലിയ തുക ലോണായി കൊടുത്തിരിക്കുന്നതു ഈ മൂന്നുകൊല്ലമായിട്ടും തിരിച്ചടക്കാതിരിക്കുന്നതു പിരിച്ചെടുക്കുവാൻ ഖാദിബോർഡ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ലോൺ കൊടുക്കുന്നതു ദീർഘകാല വ്യവസ്ഥയിലാണു്. എല്ലാം ഉടനെതന്നെ മടക്കികൊടുക്കണമെന്നുള്ളവ്യവസ്ഥയില്ല. ഏഴലക്ഷം എന്നുപറഞ്ഞിരിക്കുന്നതിൽ നിന്നും മനസ്സിലാക്കുന്നതു ഗഡുവനുസരിച്ചു മടക്കികൊടുക്കാതിരിക്കുന്നതു നാലുശതമാനം മാത്രമേ ഉള്ളു എന്നാണു്. പത്തു ശതമാനംവരെ അനുവദനീയമാണെന്നാണു് പൊതുവിലുള്ള വയ്പു്.

ശ്രീ. ഇ. പി. ഗോപാലൻ : ഖാദിബോർഡ് കൊടുക്കുന്ന കടം, സഹായം എന്നിവയെ സംബന്ധിച്ചു ബോർഡ് സംഘങ്ങളുടെ കണക്കുകൾ പരിശോധിക്കാറുണ്ടോ ? പരിശോധിക്കാതെ ഏതെങ്കിലും സഹകരണസംഘങ്ങൾക്കു കടം നൽകിയിട്ടുണ്ടോ ? ഈ സംഘങ്ങളെ റെഗുലറായിട്ടു ആഡിറ്റു ചെയ്യുന്നതിലേയ്ക്കു് ബോർഡിനു നിർദ്ദേശം നൽകിയിട്ടുണ്ടോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ: ആഡിറ്റുചെയ്യുന്ന ഉദ്യോഗസ്ഥന്മാരുടെ എണ്ണം ഒരു കാലഘട്ടത്തിൽ കുറവായിരുന്നതുകൊണ്ടു് ചില സംഘങ്ങളെ വേണ്ടവിധത്തിൽ ആഡിറ്റു ചെയ്യാൻ കഴിയാതെ വന്നിട്ടുണ്ടു്. എന്നാൽ ഇപ്പോഴാ സ്ഥിതിക്കു കുഴപ്പമൊന്നുമില്ല. ആഡിറ്റർമാരുടെ സംഖ്യ വർദ്ധിപ്പിച്ചിട്ടുണ്ടു്.

ശ്രീ. കെ. ഹസ്സൻ ഗനി : ഖാദിബോർഡിൽ നിന്നും സംഘങ്ങൾക്കു നൽകുന്ന ഗ്രാൻറു അതാതു ആവശ്യത്തിനുതന്നെ വിനിയോഗിക്കുന്നുണ്ടോ എന്നു പരിശോധിക്കാറുണ്ടോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഉണ്ടു്. അങ്ങനെ പരിശോധന നടത്താറുണ്ടു്.

† Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly